# THE PLANTATION CORPORATION OF KERALA LTD

(An ISO 9001:2008 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997

☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com


നം.SAL/F-400/4499 **17**/01/26

## കശുവണ്ടി വിൽപ്പന- സീൽഡ് റീ ടെൻഡർ / റീ ഇ-ടെൻഡർ കം ഇ-ഓക്ഷൻ

പ്ലാന്റേഷൻ കോർപ്പറേഷൻ വക വിവിധ കശുമാവിൻ തോട്ടങ്ങളിൽ നിന്നും 2026 സീസണിലെ വിളവെടുപ്പിനുള്ള അവകാശം ബ്ലോക്കുകളുടെ അടിസ്ഥാന ത്തിൽ വിൽക്കുന്നതിനുള്ള റീ ടെണ്ടറുകൾ കേരള സർക്കാർ വെബ് പോർട്ടലായ https://e-tenders.kerala.gov.in മുഖേനയും നേരിട്ട് സീൽഡ് റീ ടെൻഡർ സമർപ്പിക്കുന്ന രീതിയിലും നടത്തുന്നു. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഇ-ടെൻഡർ കം ഇ-ഓക്ഷൻ സംബന്ധിച്ചുള്ള അനുബന്ധം 1 ലെ നിർദേശങ്ങളും നേരിട്ടുള്ള സീൽഡ് ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അനുബന്ധം 2 ലെ നിർദേശങ്ങളും പാലിക്കേണ്ടതാണ് കൂടാതെ ചുവടെ കൊടുത്തിരിക്കുന്ന പൊതുവായ നിബന്ധനകൾ അനുബന്ധം 1 നും അനുബന്ധം 2 നും ബാധകമായിരിക്കുന്നതാണ്. രണ്ട് രീതിയിലും ടെൻഡറിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. അപ്രകാരം രണ്ട് രീതിയിലും പങ്കെടുക്കുന്ന പക്ഷം, ഏത് രീതിയിലാണോ ബ്ലോക്കിന് ഏറ്റവും ഉയർന്ന വില സമർപ്പിച്ചിരിക്കുന്നത് ടി വിലയാവും പരിഗണിക്കുക. എസ്റ്റേറ്റുകളുടെ പേര്, ഡിവിഷൻ, ബ്ലോക്കുകൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധം 3 ൽ നൽകിയിരിക്കുന്നു.

### പൊതുവായ നിബന്ധനകൾ

1. സീൽഡ് ടെൻഡർ / ഇ-ടെൻഡർ കം ഇ-ഓക്ഷൻ എന്നിവയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനുമുമ്പായി അതാതു തോട്ടങ്ങളിൽ പോയി ബ്ലോക്കുകളിൽ നിന്നും ലഭിക്കാവുന്ന ഉല്പന്നത്തിന്റെ അളവ്, മേന്മ, ബ്ലോക്കിന്റെ വിസ്തൃതി, അതിര് എന്നിവയെക്കുറിച്ച് നേരിട്ട് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ബ്ലോക്കിന്റെ അതിർത്തികളെപറ്റിയോ ഇതുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളെപ്പറ്റിയോ എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത തോട്ടം മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും അത് ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാണ്.
2. ഏറ്റവും കൂടുതൽതുകയ്ക്ക് സീൽഡ് ടെൻഡർ /ഇ-ടെൻഡർ കം ഇ-ഓക്ഷൻ സമർപ്പിച്ച വ്യക്തി പി സി കെ യിൽ നിന്നും അറിയിപ്പ് ലഭിച്ചതിന് ശേഷം ഉടൻതന്നെ ബ്ലോക്ക് ഒന്നിന് മൊത്തം തുകയുടെ മൂന്നിലൊന്ന് തുകയോ, മൂന്ന് ലക്ഷം രൂപയോ ഏതാണോ കുറവ് അത് അന്നേ ദിവസം 5 മണിക്ക് മുൻപായി **അതാത് എസ്റ്റേറ്റ് ഓഫീസ് ബാങ്ക് അക്കൗണ്ടിൽ** NEFT/RTGS/DD **മുഖേന അടക്കേണ്ടതാണ്.**

3. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്തിട്ടുള്ള ആൾ 2-ാം നിബന്ധനപ്രകാരം തുക കെട്ടിവയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ അയാളുടെ ഇ.എം.ഡി. കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതും തുടർന്നുള്ള ദർഘാസിലോ/ ഇ-ടെൻഡർ കം ഇ-ഓക്ഷനിലോ പങ്കെടുക്കുവാൻ ടി ആൾക്ക് അർഹതയില്ലാത്തതാകുന്നതുമാണ്. അങ്ങനെയുള്ള ബ്ലോക്കുകൾ പുനർ സീൽഡ് ടെൻഡർ / ഇ-ടെൻഡർ കം ഇ-ഓക്ഷൻ ചെയ്യുന്നതും തൻമൂലം കോർപ്പറേഷനുണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾക്ക് പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ടി നഷ്ടവും ചെലവുകളും ടിയാനിൽ നിന്ന് ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

4. സീൽഡ് ടെൻഡർ/ഇ-ടെൻഡർ കം ഇ-ഓക്ഷൻ സമർപ്പിച്ച വ്യക്തിക്ക് കോർപ്പറേഷൻ ഒരു അന്തിമ തീരുമാനം എടുക്കുന്നതുവരെ സ്വമേധയാ പിൻമാറാൻപാടില്ലാത്തതാകുന്നു.

5. എ) സീൽഡ് ടെൻഡർ /ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ വിജയിയാകുന്ന വ്യക്തി എസ്റ്റേറ്റ് അധികാരികളുടെ സ്ഥിരീകരണ ഉത്തരവ് തീയതി മുതൽ 15 ദിവസങ്ങൾക്കകം ബാക്കി അടയ്ക്കേണ്ട മുഴുവൻ തുകയും കൂടാതെ ആകെ തുകയുടെ 10% കരുതൽ ധനവും (സെക്യൂരിറ്റി ഡിപ്പോസിറ്റ്) കൂടി **പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിന്റെ അതാത് എസ്റ്റേറ്റ് ഓഫീസിന്റെ ബാങ്ക് അക്കൗണ്ടിൽ** അടക്കേണ്ടതും. കോർപ്പറേഷനുമായി 200/- രൂപയുടെ കേരള സർക്കാർ മുദ്രപത്രത്തിൽ ഒരു കരാർ ഉടമ്പടി വയ്ക്കേണ്ടതുമാണ്. **തുക അടക്കേണ്ട അക്കൗണ്ട് നമ്പർ അതാത് എസ്റ്റേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.** അതിൽ വീഴ്ച വരുത്തുന്ന പക്ഷം ആ വ്യക്തി കോർപ്പറേഷനിലേയ്ക്ക് അതുവരെ അടച്ചിട്ടുള്ള തുകകൾ കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതിനും പ്രസ്തുത വ്യക്തിയെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. മേൽപ്രകാരം മുഴുവൻ തുകയും അടച്ച് ഉടമ്പടി വച്ചശേഷം എസ്റ്റേറ്റ് ഓഫിസിൽ നിന്നും വർക്കോർഡർ നൽകുന്നതാണ്. അതിനുശേഷം മാത്രമേ തോട്ടത്തിൽ പ്രവേശിക്കുവാൻ കരാറുകാരനെ അനുവദിക്കുകയുള്ളു.

ബി) വിൽപ്പനതുകയുടെ ബാക്കി ഏതെങ്കിലും കാരണവശാൽ നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാൻ കഴിയാതെ വന്നാൽ ആയത് ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജരുടെ ശുപാർശയോടെ മാനേജിംഗ് ഡയറക്ടർക്ക് പരമാവധി 30 ദിവസത്തേക്ക് കാലാവധി നീട്ടികൊടുക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും, ഇങ്ങനെ നീട്ടിക്കൊടുക്കുന്ന കാലാവധിക്ക് 25% പലിശ ഈടാക്കുന്നതുമാണ്. ഈ തുക അടച്ചുതീർക്കുന്നതുവരെ തോട്ടത്തിൽ പ്രവേശിക്കുവാനോ വിളവെടുക്കുവാനോ അവകാശമുണ്ടായിരിക്കുന്നതല്ല. തുടർന്നും തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നാളിതുവരെ കോർപ്പറേഷനിൽ അടച്ചിട്ടുള്ളതായ തുകകൾ കണ്ടുകെട്ടി കോർപ്പറേഷൻറെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുന്നതും, യുക്തമെന്നു തോന്നുന്ന പക്ഷം വീഴ്ച്ച വരുത്തിയ വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ സീൽഡ് ടെൻഡർ / ഇ-ടെൻഡർ കം ഇ-ഓക്ഷൻ നടത്തുന്നതിനോ, ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനോ കോർപ്പറേഷന് അവകാശവും, അധികാരവും ഉണ്ടായിരിക്കുന്നതാണ്. തന്മൂലം ഉണ്ടാകാവുന്നതായ എല്ലാ

ചിലവുകളും നഷ്ടവും ടിയാനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

6. സീൽഡ് ടെൻഡർ / ഇ-ടെൻഡർ കം ഇ-ഓക്ഷൻ തുകയുടെ മൂന്നിലൊന്ന് അടച്ചിട്ടുണ്ടെങ്കിലും യാതൊരു കാരണവും കാണിക്കാതെ ഏറ്റവും കൂടിയ സീൽഡ് ടെൻഡർ തുകയോ/ ഇ-ടെൻഡർ ഇ-ഓക്ഷൻ തുകയോ തിരസ്കരിക്കാൻ കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് സീൽഡ് ടെൻഡർ സമർപ്പിക്കുകയും/ഇ-ടെൻഡർ കം ഇ-ഓക്ഷൻ സമർപ്പിക്കുകയും കോർപ്പറേഷൻ അത് അംഗീകരിക്കാതെ വരുകയും ചെയ്താൽ പ്രസ്തുത വ്യക്തി അടച്ചിട്ടുള്ള മൊത്തം തുകയും (ഇ.എം.ഡി. ഒഴികെ) മടക്കിക്കൊടുക്കുന്നതാണ്.

7. ഏറ്റവും കൂടുതൽ തുകയ്ക്ക് സീൽഡ് ടെൻഡർ /ഇ-ടെൻഡർ കം ഇ-ഓക്ഷൻ സ്ഥിരപ്പെടുത്തി കിട്ടിയ ആൾ സംഭരിക്കുന്ന മൊത്തം കശുവണ്ടിയും കേരളാ സർക്കാരിന്റെ ഏതെങ്കിലും പ്രത്യേക ഉത്തരവിനാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഏജൻസിയ്ക്ക് കൊടുക്കാൻ നിഷ്കർഷിക്കുന്ന പക്ഷം ആയത് പാലിക്കാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

**8. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി ടി അവകാശം മറ്റൊരാൾക്കും കൈമാറ്റം ചെയ്യാനോ മറിച്ചു നൽകാനോ പാടുള്ളതല്ല.**

9. തീപിടുത്തം, വരൾച്ച, പ്രകൃതി ക്ഷോഭങ്ങൾ കീടബാധ, കരാറുകാരന്റെയോ പി.സി.കെ. തൊഴിലാളികളുടെ സമരം തുടങ്ങിയവ വഴിയോ മറ്റേതെങ്കിലും തരത്തിലോ എന്തെങ്കിലും നഷ്ടമുണ്ടായാൽ ആയതിന് കോർപ്പറേഷൻ യാതൊരുവിധ നഷ്ടപരിഹാരവും നൽകുന്നതല്ല.

10. കരാറുകാരന്റെ തൊഴിലാളികളോ, ഏജന്റോ കശുവണ്ടി സംഭരിക്കുവാൻ പോകുന്നതിനുമുമ്പായി തോട്ടം മാനേജരുടെയോ മാനേജർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെയോ പക്കൽ നിന്ന് പ്രവേശന പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.

11. ഏറ്റവും കൂടുതൽ തുകയ്ക്ക് സീൽഡ് ടെൻഡർ /ഇ-ടെൻഡർ കം ഇ-ഓക്ഷൻ സമർപ്പിച്ച ആൾ വയ്ക്കേണ്ട ഉടമ്പടിയുടെ ഒരു കരട് പകർപ്പ് എസ്റ്റേറ്റ് ഓഫീസിൽ പരിശോധനയ്ക്കായി ലഭിക്കുന്നതാണ്.

12. കരാറുകാരിൽ നിന്നോ കരാറുകാരന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ തോട്ടത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം വരാൻ പാടില്ലാത്തതാകുന്നു.

13. സീൽഡ് ടെൻഡർ / ഇ-ടെൻഡർ കം ഇ-ഓക്ഷൻ തുകയ്ക്ക് പുറമെ GST (നിലവിൽ 5%) കരാറുകാരൻ അടയ്ക്കേണ്ടതാണ്. കൂടാതെ ബാധകമായ മറ്റ് നികുതികളും അടക്കേണ്ടതാണ്.

14. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ മറ്റ് വിധേനയോ കശുമാവുകൾക്കോ മറ്റുമോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ ജനറൽ മാനേജർ (O) നിർദ്ദേശിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം കരാറുകാരൻ അടയ്ക്കേണ്ടതും ടി തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

15. തോട്ടത്തിൽ നിന്ന് സംഭരിക്കുന്ന കശുവണ്ടിയുടെ തൂക്കം അവ നീക്കം ചെയ്യുന്നതിന് മുമ്പ് തോട്ടം മാനേജരെയോ ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനെയോ അറിയിക്കേണ്ടതും കശുവണ്ടി നീക്കം ചെയ്യുന്നതിനുള്ള പാസ്സ് വാങ്ങേണ്ടതുമാണ്.

16. തോട്ടം മാനേജർക്കും അധികാരപ്പെടുത്തുന്ന ഡിവിഷനിലെ മറ്റ് ഉദ്യോഗസ്ഥൻമാർക്കും ഏജൻറ് , ജോലിക്കാർ, ലൈസൻസി, കരാറുകാരൻ കശുവണ്ടി കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും അധികാരംഉണ്ടായിരിക്കുന്നതാണ്.

17. കരാറുകാരൻദിനംപ്രതി ശേഖരിക്കുന്നതും വിൽപ്പന നടത്തുന്നതുമായ കശുവണ്ടിയുടെ കണക്ക് സൂക്ഷിക്കേണ്ടതാണ്. ആയത് പരിശോധന ഉദ്യോഗസ്ഥൻമാർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. ശേഖരിക്കപ്പെടുന്നതിന്റെയും വിൽക്കപ്പെടുന്നതിന്റെയും അതാത് മാസത്തെ ദിനംപ്രതി കണക്ക് അടുത്ത മാസം പത്താം തീയതിയ്ക്കകം രേഖാമൂലം തോട്ടം മാനേജർക്ക് സമർപ്പിക്കേണ്ടതാണ്.

18. വിളവെടുപ്പിനുള്ള അവകാശം ടെണ്ടർ ഉറപ്പിച്ചതുമുതൽ 2026 ജൂൺ 15 വരെയായിരിക്കും.

19. കോർപ്പറേഷനിലെ ജീവനക്കാർക്ക് സീൽഡ് ടെൻഡർ/ ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

20. കോർപ്പറേഷന്റെ തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കശുവണ്ടിയുടെ ഗുണമേന്മ അവലോകനം ചെയ്യുന്നതിനുവേണ്ടി കോർപ്പറേഷൻ തിരഞ്ഞെടുക്കുന്ന ബ്ലോക്കുകളിൽ നിന്ന്കശുവണ്ടി സാമ്പിളുകൾ (ഏകദേശം 400 കി.ഗ്രാം) കരാറുകാരൻ ശേഖരിച്ച് നൽകേണ്ടതാണ്. ആയതിന് അതാതു സമയത്തെ മാർക്കറ്റ് വില കോർപ്പറേഷൻ കരാറുകാരന് നൽകുന്നതാണ്.

21. കരാറുകാരൻ കശുവണ്ടി മാത്രമേ എസ്റ്റേറ്റിന് പുറത്ത് കൊണ്ടുപോകാവൂ. കശുമാങ്ങ കോർപ്പറേഷന് അവകാശപ്പെട്ടതാകയാൽ കശുവണ്ടി നീക്കം ചെയ്ത കശുമാങ്ങപഴങ്ങൾ കോർപറേഷൻ നിയോഗിക്കുന്ന വ്യക്തികൾക്ക് സംഭരിക്കുന്നതിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ് .

22. സീൽഡ് ടെൻഡർ / ഇ-ടെൻഡർ കം ഇ-ഓക്ഷൻ നടത്തിപ്പിനെപ്പറ്റിയോ സീൽഡ് ടെൻഡർ / ഇ-ടെൻഡർ കം ഇ-ഓക്ഷൻ വ്യവസ്ഥകളെപ്പറ്റിയോ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ സീൽഡ് ടെൻഡർ /ഇ-ടെൻഡർ കം ഇ-ഓക്ഷൻ നടത്തുന്ന കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

23. യാതൊരു കാരണവുംകാണിക്കാതെ ഏതൊരു ടെണ്ടറും/കോൺട്രാക്ടും റദ്ദുചെയ്യുന്നതിനോ, മാറ്റിവയ്ക്കുന്നതിനോ, നിർത്തിവയ്ക്കുന്നതിനോ ഉള്ള പരിപൂർണ്ണ അധികാരവും അവകാശവും കോർപറേഷന്റെ **മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.**

24. ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ കരാർ കോർപ്പറേഷൻ റദ്ദുചെയ്യുകയാണെങ്കിൽ അതുമൂലം യാതൊരു നഷ്ടപരിഹാരവും കോർപ്പറേഷൻ നൽകുന്നതല്ലാത്തതും നഷ്ടപരിഹാരത്തിന് അവകാശം ഉന്നയിക്കുവാൻ കരാറുകാരന് അവകാശമില്ലാത്തതുമാണ്.

25. കരാർ കാലയളവിൽ കരാറുകാരനോ, ടിയാന്റെ തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിൽ കാട്ടുമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ നിയമം മൂലം നിരോധിക്കപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ആയതിനു സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം കരാറുകാരൻ കോർപ്പറേഷനിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതായ എല്ലാവിധ കരാർ ഇടപാടുകളും

റദ്ദു ചെയ്യുന്നതും കോർപ്പറേഷനിലേയ്ക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കോർപ്പറേഷൻ കണ്ടുകെട്ടി മുതൽ കൂട്ടുന്നതുമായിരിക്കും. കൂടാതെ ആവശ്യമെന്നു കണ്ടാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി ബ്ലോക്കുകൾ പുനർലേലം നടത്തുന്നതിന് കോർപ്പറേഷന് തീരുമാനമെടുക്കാവുന്നതും ആയതിലേയ്ക്കുണ്ടാകാവുന്ന സകലവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നോ, ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതിനും കോർപ്പറേഷന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.

26. കരാർ കാലയളവിൽ തോട്ടത്തിൽ തീപിടുത്തം ഉണ്ടാകാതെ സംരക്ഷിക്കേണ്ട ചുമതല കരാറുകാർക്കായിരിക്കും. ഏതെങ്കിലും കാരണവശാൽ തോട്ടത്തിൽ തീപിടുത്തം ഉണ്ടാവുകയാണെങ്കിൽ അതുമൂലം ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽനിന്നും ഈടാക്കുന്നതുമായിരുക്കും.

**27.** കരാർ ഏറ്റെടുക്കുന്നയാൾ കരാർ പൂർത്തിയാക്കിയതിനുശേഷം എസ്റ്റേറ്റ് മാനേജരിൽനിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കി 15 ദിവസത്തിനകം കോർപ്പറേഷന് എന്തെങ്കിലും തരത്തിലുള്ള തുക കരാറുകാരനിൽനിന്നും ഈടാക്കാനുണ്ടെങ്കിൽ ആയത് വസൂൽ ചെയ്തതിനു ശേഷം **ബാക്കിയുള്ള** സെക്യൂരിറ്റി തുക തിരികെ നൽകുന്നതാണ്. സെക്യൂരിറ്റി തുകക്ക് പലിശ നൽകുന്നതല്ല.

28. കരാർ നിയമപ്രകാരം കോർപ്പറേഷനും കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി കോട്ടയത്തുള്ള കോടതികളിൽ നിക്ഷിപ്തമായിരിക്കും.

29. ഇരുപത്തിയൊന്ന് വയസിൽ താഴെയുള്ളവർ ടെൻഡറുകളിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. ഇന്ത്യൻ കരാർ വ്യവസ്ഥ പ്രകാരം കരാർ ഒപ്പിടാൻ അർഹതയില്ലാത്തവരും ടെൻഡറുകളിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല

30. കരാർ വയ്ക്കുന്നതിനായി വരുമ്പോൾ ഐഡന്റിറ്റി പ്രൂഫായി ആധാർകാർഡ്, പാൻകാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്.

31. സീൽഡ് ടെൻഡർ /ഇ-ടെൻഡർ എന്നിവ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വിൽപന വില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്ന പക്ഷം, ടെൻഡർ തീയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

32. പേരാമ്പ്ര, രാജപുരം (മുണ്ടോട്ട് ബ്ലോക്കൊഴികെ) തോട്ടങ്ങളിൽ 2026 സീസണിൽ റീ പ്ലാന്റിങ് നടത്താൻ പോകുന്നതിനാൽ കശുവണ്ടി ശേഖരണത്തിന് ടെണ്ടർ എടുക്കുന്ന കരാറുകാർ സ്വന്തം ചിലവിൽ ആവശ്യമായ രീതിയിൽ കാട് വെട്ടി കശുവണ്ടി ശേഖരണം നടത്തേണ്ടതാകുന്നു.

33. സീൽഡ് ടെൻഡർ / ഇ-ടെൻഡർ കം ഇ-ഓക്ഷനുകൾ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന തീയതികൾ ചുവടെ ചേർക്കുന്നു

<table>
<tr><th>ക്രമ നമ്പർ</th><th>എസ്റ്റേറ്റ്</th><th>സീൽഡ് ടെൻഡർ നടത്തുന്ന സ്ഥലം</th><th>സീൽഡ് ടെൻഡർ/ ഇ – ടെൻഡർ സമർപ്പിക്കുവാനുള്ള സമയം</th><th>ഇ-ഓക്ഷൻ തുടങ്ങുന്ന സമയം</th><th>ഇ –ടെൻഡർ തുറക്കുന്ന സമയം (HO)</th><th>സീൽഡ് ടെൻഡർ തുറക്കുന്ന സമയം</th></tr>
<tr><td>1.</td><td>കാസറഗോഡ്, അതിരപ്പള്ളി</td><td>അതാത് എസ്റ്റേറ്റ് ഓഫീസുകൾ</td><td>02-02-2026, 02.30 P.M</td><td>03-02-2026, 03.00 P.M</td><td>04-02-2026, 10.15 AM</td><td>04-02-2026, 10.30 A.M</td></tr>
<tr><td rowspan="2">2.</td><td>രാജപുരം</td><td>പൈനിക്കര ഡിവിഷൻ ഓഫീസ്</td><td rowspan="2">03-02-2026, 11.30 A.M</td><td rowspan="2">04-02-2026, 11.45 A.M</td><td rowspan="2">05-02-2026, 10.15 AM</td><td rowspan="2">05-02-2026, 10.30 A.M</td></tr>
<tr><td>കല്ലാല</td><td>എസ്റ്റേറ്റ് ഓഫീസ്</td></tr>
<tr><td>3.</td><td>ചീമേനി, പേരാമ്പ്ര,</td><td>അതാത് എസ്റ്റേറ്റ് ഓഫീസുകൾ</td><td>04-02-2026, 11.30 A.M</td><td>05-02-2026, 11.45 A.M</td><td>06-02-2026, 10.15 AM</td><td>06-02-2026, 10.30 A.M</td></tr>
</table>

S/d

**ജനറൽ മാനേജർ (സി)**

**അനുബന്ധം –1**

**ഇ–ടെൻഡർ കം ഇ-ഓക്ഷനുകൾ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ**

1. കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in എന്ന ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്.
2. **ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ**പങ്കെടുക്കുവാൻ നിരത ദ്രവ്യമായി ബ്ലോക്ക് ഒന്നിന് 10,000(പതിനായിരം രൂപ മാത്രം) എന്ന കണക്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്.
3. **ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ** പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ കം **ഇ-ഓക്ഷൻ** വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, ഒപ്പിട്ട ടെൻഡർ കണ്ടിഷനും, ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
4. ഇ-ടെൻഡർ കം ഇ-ഓക്ഷൻ മുഖേന വാഗ്ദാനം സമർപ്പിക്കുന്നവർ ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം വിലയാണ് സമർപ്പിക്കേണ്ടത്.
5. നിരത ദ്രവ്യമായുള്ള ഡിമാൻഡ് ഡ്രാഫ്റ്റ്, സമ്മതപത്രം എന്നിവ ഇ-ഓക്ഷൻ തുടങ്ങുന്ന ദിവസം 11:30 ന് മുൻപായി ഹെഡ് ഓഫീസിലെ മാർക്കറ്റിങ് ഡിപ്പാർട്മെന്റിൽ നൽകേണ്ടതാകുന്നു.
6. ഇ-ടെൻഡർ കം ഇ-ഓക്ഷൻ സമർപ്പിക്കുന്നതിനുള്ള സമയം അവസാനിച്ചതിനുശേഷം, കരാറുകാർ സമർപ്പിച്ച ഇ-ടെൻഡറുകൾ സാങ്കേതിക സാമ്പത്തിക പരിശോധനയ്ക്കുശേഷം ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ ഓരോ ബ്ലോക്കിലും ലഭിച്ച ഉയർന്ന നിരക്കാവും പരിഗണിക്കുക.

ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്.

Smt.K.V.Sreedevi, System Officer, Plantation Corporation of Kerala Ltd.- 9048614891,9447850027

E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.com for assistance in this regard.

## അനുബന്ധം –2

## സീൽഡ് ടെൻഡർ  സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

1. സീൽഡ് ടെൻഡർ  സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ലേല വ്യവസ്ഥകൾ വായിച്ചു ബോധ്യപ്പെടേണ്ടതും അവ അംഗീകരിക്കുന്നതായി വ്യവസ്ഥകളുടെ ഒരു പകർപ്പിന്റെ എല്ലാ പേജുകളിലും ഒപ്പ് വെച്ച് സമർപ്പിക്കേണ്ടതാണ്. അതിനു ആവശ്യമായ പകർപ്പും ബന്ധപ്പെട്ട ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.
2. നിരത ദ്രവ്യമായി  ബ്ലോക്ക്  ഒന്നിന്  10,000(പതിനായിരം രൂപ മാത്രം) എന്ന കണക്കിൽ സീൽഡ് ടെൻഡർ  സമർപ്പിക്കുന്നതിനൊപ്പം നൽകേണ്ടതാണ്.
3. ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം ദർഘാസുകൾ നിശ്ചിത ഫോറത്തിൽ നൽകേണ്ടതാണ്. ഈ ഫോറം ബന്ധപ്പെട്ട എസ്റ്റേറ്റ് ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്. വില  118/- രൂപ (നികുതി അടക്കം)
4. ദർഘാസുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് എസ്റ്റേറ്റിന്റെ പേര് ഡിവിഷൻ ബ്ലോക്ക് എന്നിവയുടെ വിവരങ്ങൾ ടെൻഡർ സമര്പ്പിക്കുന്ന ആളിന്റെ വിലാസം എന്നിവ കാണിച്ചിരിക്കണം. ഒന്നിൽ കൂടുതൽ ബ്ലോക്കുകളിലേക്കുള്ള വാഗ്ദാനങ്ങൾ ഒരു കവറിൽ നൽകുവാൻ  പാടുള്ളതല്ല.

അനുബന്ധം –3

**THE PLANTATION CORPORATION OF KERALA LIMITED**

**H.O KOTTAYAM**

| **SALE OF CASHEW DURING THE PERIOD FROM DECEMBER 2025-JUNE 2026-AREA DETAILS** | | | | | |
|---|---|---|---|---|---|
| | **KASARGOD ESTATE** | | | | |
| | **DIVISION** | **BLOCK** | **AREA** | **NO. OF TREES** | **REMARKS** |
| 1 | PERIYA | PANAYAL | 20.96 | 1992 | |
| 2 | | SCION NURSERY-II | | 1082 | |
| 3 | | PANNIKKUNNU | 72.90 | 5047 | |
| | | **TOTAL** | **93.86** | **8121** | |
| 4 | MULIYAR | Muthalappara | 104.00 | 6115 | |
| 5 | | Bavikkara | 71.00 | 5775 | |
| 6 | | Kottoor-I | 57.00 | 12886 | |
| 7 | | Kottoor-II | 43.00 | 6484 | |
| 8 | | Aloor | 5.00 | 650 | |
| | | **TOTAL** | **280.00** | **31910** | |
| 9 | ADHUR | SCION NURSERY | | 459 | |
| | | **TOTAL** | | **459** | |
| 10 | PERLA | BAJAKUDAL SOMAJA | 97.66 | 8116- | |
| 11 | | ODIYA | 14.76 | 505 | |
| 12 | | KUDWA UKKINADUKKA | 60.60 | 3100 | |
| 13 | | SAYA | 31.80 | 3230 | |
| 14 | | SWARGA | 32.18 | 3233 | |
| 15 | | NELKA ADUKASTHALA | 79.10 | 9722 | |
| 16 | | PERDALA | 101.20 | 688 | |
| 17 | | SCION NURSERY | | 220 | |
| | | **TOTAL** | **417.30** | **28814** | |
| | **GRAND TOTAL** | **GRAND TOTAL** | **791.16** | **69304** | |
| | **RAJAPURAM ESTATE** | | | | |
| | **DIVISION** | **BLOCK** | **AREA** | **NO. OF TREES** | **REMARKS** |
| 18 | PAINIKKARA | MUNDOTT-2008 | 75.00 | 13657 | |
| | | **TOTAL** | **75.00** | **13657** | |
| 19 | PANATHUR | PANATHUR III | 10.00 | 2212 | |

| | | | | | |
|---|---|---|---|---|---|
| 20 | | PANATHUR IV | 45.08 | 8950 | |
| | | **TOTAL** | **55.08** | **11162** | |
| 21 | KAMMADY | GRAFT AREA -2000 | 102.00 | 445 | |
| 22 | | GRAFT AREA -2001 | 39.00 | 130 | |
| 23 | | POKKIMALA I | 20.00 | 298 | |
| 24 | | POKKIMALA II | 40.00 | 644 | |
| 25 | | KATTIMALA | 44.64 | 750 | |
| 26 | | CHETHUKAYAM I | 75.00 | 390 | |
| 27 | | CHETHUKAYAM II | 68.36 | 1092 | |
| 28 | | KAMMADY IIC | 105.00 | 2694 | |
| | | **TOTAL** | **494.00** | **6443** | |
| | | **GRAND TOTAL** | **624.08** | **31262** | |
| | **CHEEMENI ESTATE** | | | | |
| | **DIVISION** | **BLOCK** | **AREA** | **NO. OF TREES** | **REMARKS** |
| 29 | CHEEMENI | IT Partk Balance Area | | 319 | |
| 30 | | Nellur I | 41 | 7133 | |
| 31 | | Nellur II | 56 | 7303 | |
| 32 | | Nellur III | 35 | 6066 | |
| | | **TOTAL** | **132** | **20821** | |
| 33 | THURAVU | Thurav I | 50 | 8843 | |
| 34 | | MUTHANAMPARA I | 50 | 2450 | |
| 35 | | MUTHANAMPARA II | 45 | 2956 | |
| | | **TOTAL** | **145** | **14249** | |
| | | **GRAND TOTAL** | **277** | **35070** | |
| | **PERAMBRA ESTATE** | | | | |
| | **DIVISION** | **BLOCK** | **AREA** | **NO. OF TREES** | **REMARKS** |
| 36 | DIVIISON C | B2 & B3 | 65 | 1824 | |
| 37 | | B4 | 45 | 712 | |
| 38 | | B6 | 42 | 1618 | |
| 39 | | B7 | 33 | 1602 | |
| 40 | | B8 | 0.50 | 406 | |
| | | **TOTAL** | **186** | **6162** | |
| | **ADIRAPPALLY ESTATE** | | | | |

| | DIVISION | BLOCK | AREA | NO. OF TREES | REMARKS |
|---|---|---|---|---|---|
| 41 | B1 & B2 | B1 | 2.00 | 60 | |
| 42 | | B2 | 3.92 | 64 | |
| 43 | D | D1 | 8.25 | 44 | |
| 44 | E2 | E2 | 20.00 | 624 | |
| | | **GRAND TOTAL** | **34.17** | **792** | |
| | **KALLALA ESTATE** | | | | |
| | **DIVISION** | **BLOCK** | **AREA** | **NO. OF TREES** | **REMARKS** |
| 45 | B | B-I & B-II | 30.00 | 73 | |
| 46 | E | E-I | 19.05 | 89 | |
| 47 | F | F-I | 25.00 | 86 | |
| 48 | G | G | 11.52 | 17 | |
| | | **GRAND TOTAL :** | **85.57** | **265** | |

# ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**CIN No: UO1119KL1962SGC001997**

കോട്ടയം - 686004

## കശുവണ്ടി ദർഘാസ്

1. എസ്റ്റേറ്റിന്റെ പേര് :

2. ഡിവിഷൻ :

3. ബ്ലോക്ക് നമ്പർ :

4. വാഗ്ദാനം ചെയ്യുന്ന തുക :

   (എ) അക്കത്തിൽ :

   (ബി) അക്ഷരത്തിൽ :

5. ഇ എം ഡി രസീത് നമ്പർ :

6. ദർഘാസ് സമർപ്പിക്കുന്ന ആളിൻറെ പേരും മേൽവിലാസവും :

   കര, വില്ലേജ് :

   താലൂക്ക്, ജില്ല :

7. ഒപ്പ് :

8. തീയതി :

9. സ്ഥലം :

10. റിമാർക്സ് :

# ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**CIN No: UO1119KL1962SGC001997**

കോട്ടയം - 686004

സ്ഥലം :

തീയതി:

## സമ്മതപത്രം

പ്ലാന്റേഷൻ കോർപ്പറേഷൻ വക വിവിധ കശുമാവിൻ തോട്ടങ്ങളിൽ നിന്നും 2026 സീസണിലെ വിളവെടുപ്പിനുള്ള അവകാശം ബ്ലോക്കുകളുടെ അടിസ്ഥാനത്തിൽ വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട ദർഘാസ് / ഇ-ദർഘാസ് വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

പേര് :

തപാൽ മേൽവിലാസം :

കര :

വില്ലേജ് :

താലൂക്ക് :

ജില്ല :

പിൻകോഡ് :

ഫോൺ നമ്പർ
(കോഡ് ഉൾപ്പെടെ)
ലാന്റ് നമ്പർ :
മൊബൈൽ നമ്പർ :

ഒപ്പ്